II ഇ.ബി. XII- കേരള നിയമസഭ/XIV-4

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 4, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*91) ടാറ്റയുടെ കൈവശമുള്ള ഭൂമി

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) നൽകിയ മറുപടിയിൽ, ടാറ്റയുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച് വ്യക്തമായ പരിശോധന നടന്നു വരികയാണെന്ന് സഭയെ അറിയിച്ചു. 29-03-1974-ലെ ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം കണ്ണൻ ദേവൻ ഹിൽസ് വില്ലേജിൽപ്പെട്ട 70522.12 ഏക്കർ ഭൂമി സർക്കാർ ഉടമസ്ഥതയിലാക്കുകയും 57192.65.560 ഏക്കർ ഭൂമി ടാറ്റ ഫിൻലെ കമ്പനിക്ക് പാട്ടത്തിന് നൽകുകയും ചെയ്തിരുന്നു. ടാറ്റ കമ്പനി കയ്യേറിയിട്ടുള്ള സർക്കാർ ഭൂമി എത്രയെന്ന് കണ്ടെത്തുന്നതിനുള്ള ഏരിയൽ സർവ്വെ പൂർത്തിയാക്കുകയും ഫീൽഡ് സർവ്വേ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വെ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ഭൂമി കേരളം പദ്ധതിയിലുള്ള ഉദ്യോഗസ്ഥരുടെ സേവനംകൂടി പ്രയോജനപ്പെടുത്താൻ

തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വെ നടപടികൾ പൂർത്തിയാക്കി ഗവൺമെന്റ് ഭൂമി കൃത്യമായി കണ്ടെത്തി സംരക്ഷിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബ ന്ധിച്ച സമിതി (1996–98) യുടെ ഒന്നാമത് റിപ്പോർട്ടിൽ ടാറ്റാ കമ്പനിയുടെ കൈവശം അനധികൃതമായി 50,000 ഏക്കറോളം ഭൂമികൂടി ഉണ്ടെന്ന് രേഖപ്പെ ടുത്തിയിട്ടുണ്ട്. സർക്കാർ അനുവാദമില്ലാതെ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിൽ ലക്ഷ്മി എസ്റ്റേറ്റിലും ചിറ്റുവര ഒ.സി. ഡിവിഷനിലും ടാറ്റാ കമ്പനി രണ്ട് തടയണകൾ നിർമ്മിച്ചിട്ടുള്ളതായും കുളങ്ങര സാന്റോസ് കോളനിക്ക് സമീപം ഇലക്ട്രിക് വേലി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള തായും ടൂറിസം റിസോർട്ടുകൾ ഒരുക്കാനുള്ള ഉദ്ദേശത്തോടെ റോഡുകൾ നിർമ്മിച്ചിട്ടുള്ളതായും വമ്പിച്ച തോതിൽ പാറ ഖനനം നടത്തുന്നതായും ലാന്റ് ബോർഡ് അവാർഡിന് വിരുദ്ധമായി ഭൂമി തരം മാറ്റുകയും സ്വാഭാവിക നീരൊഴുക്കുകൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്തതായും നിരവധി കെട്ടിടങ്ങൾ വാടകയോ ലൈസൻസ് ഫീയോ ഈടാക്കി സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുള്ളതായും ഏക്കർ കണക്കിന് സ്ഥലം വിൽപ്പന നടത്തിയതായും പാട്ടഭൂമി മറുപാട്ടമായോ സമ്മാനമായോ മറ്റുള്ളവർക്ക് നൽകിയിട്ടുള്ളതായും നദീതീരങ്ങൾ അന്യർക്ക് അനധികൃത വ്യാപാരത്തിനായി അനുവദിച്ചതായും അവിടെ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അവസരമൊരുക്കി കൊടുത്തതായും നിരവധി ടൂറിസ്റ്റ് റിസോർട്ടുകൾ സ്ഥാപിച്ചിട്ടുള്ളതായും വനനശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്. കച്ചവടക്കാരിൽ നിന്നും നിയമവിരുദ്ധമായി വാടക പിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇനിയും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടോയെന്ന് കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനിടെ ഹൈക്കോടതിയിൽ കേസ്സുകൾ വന്നതിനാൽ അന്തിമ വിധി വന്നതിനുശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. എങ്കിലും മൂന്നാർ പട്ടണത്തിൽ കമ്പനി നിയമവിരുദ്ധമായി കൈവശം വച്ചിട്ടുള്ള ഭൂമി തിരിച്ചെടുത്ത് ഒരു ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ മേഖലയിലെ കച്ചവടക്കാർ ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ടാറ്റയ്ക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയപ്പോഴുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ ലംഘിച്ചതുകൊണ്ടാണ് ചില നടപടികളിലേയ്ക്ക് പോകേണ്ടിവന്നത്. മൂന്നാറിലെ കെ.ഡി.എച്ച്. വില്ലേജിലെ 641 പട്ടയങ്ങളിൽ 191 എണ്ണവും വട്ടവട പഞ്ചായത്തിലെ 54 പട്ടയങ്ങളിൽ 23 എണ്ണവും പ്രാഥമിക പരിശോധനയിൽ വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വ്യാജവും ബിനാമി പേരിലുള്ളതുമായ പട്ടയങ്ങളെ സംബന്ധിച്ച് പോലീസന്വേഷണവും വിജിലൻസ് അന്വേഷണവും നടന്നു കൊണ്ടിരിക്കുകയാണ്. വട്ടവട പഞ്ചായത്തിലെ ആദിവാസികളുടേയും കർഷകരുടേയും താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുമാത്രമേ നീലക്കുറിഞ്ഞി സാംഗ്ച്വറി സ്ഥാപിക്കുകയുള്ളൂ. ടാറ്റാ സ്പെഷ്യൽ ഗ്രാന്റ് ടാക്സായി നികുതി അടയ്ക്കുന്നുണ്ടെന്നും അവരുടെ പേരിൽ നികുതി കുടിശ്ശികയില്ലെന്നും സർക്കാരിന്റെ പ്ലാന്റേഷൻ സ്ഥാപനങ്ങൾക്ക്

നിശ്ചയിച്ചിട്ടുള്ള പാട്ടത്തുകയ്ക്ക് സമാനമായ തുക ടാറ്റയിൽ നിന്നും പിരിച്ചെടുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

11 (*92) <u>ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കരണങ്ങൾ</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) നൽകിയ മറുപടിയിൽ, ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കുന്ന പരിഷ്ക്കാരങ്ങൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ നയരൂപീകരണത്തിനുള്ള കമ്മിറ്റി, ഡിഗ്രിതല വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനത്തിനുള്ള കമ്മിറ്റി, ക്ലസ്റ്റർ കോളേജ് രൂപീകരണത്തിനുള്ള കമ്മിറ്റി, പോസ്റ്റ് ഗ്രാഡ്വേറ്റ് പുന:സംഘാടനത്തിനുള്ള കമ്മിറ്റി, സർവ്വകലാശാലാ നിയമ പരിഷ്ക്കരണത്തിനുള്ള കമ്മിറ്റി, ബി.എഡ്. പുന:സംഘാടനത്തിനുള്ള കമ്മിറ്റി, പരീക്ഷാ പരിഷ്ക്കരണത്തിനുള്ള കമ്മിറ്റി, ഡിഗ്രിതല പുന:സംഘാടനം പുനരവലോകനം ചെയ്യുന്നതിനുള്ള കമ്മിറ്റി, എഞ്ചിനീയറിംഗ് അക്കാദമിക് കമ്മിറ്റി, നിയമ വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മിറ്റി, സംഗീത കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള നിർദ്ദേശക കമ്മിറ്റി, ശാസ്ത്ര ഗവേഷണ രംഗം പുന:സംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി, സാമൂഹ്യ ശാസ്ത്ര ഗവേഷണ രംഗം പുന:സംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി, പരീക്ഷാ നടത്തിപ്പ് കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള കമ്മിറ്റി, പോളിടെക്നിക് വിദ്യാഭ്യാസം പരിഷ്ക്കരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള കമ്മിറ്റി, സംസ്ഥാനത്തെ കലാ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി രൂപീകരിച്ച കമ്മിറ്റി എന്നിവയെ നിയോഗിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രൊഫ. യു.ആർ. അനന്തമൂർത്തി അദ്ധ്യക്ഷനായുള്ള ഉന്നത വിദ്യാഭ്യാസ

നയരൂപീകരണത്തിനുള്ള കമ്മിറ്റി 2008 മെയ് മാസം കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. ഡോ. എം. വിജയൻ അദ്ധ്യക്ഷനായുള്ള ഡിഗ്രിതല വിദ്യാഭ്യാസം പുന:സംഘാടനത്തിനുള്ള കമ്മിറ്റി 2008 ജനുവരി മാസത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോത്താരി കമ്മീഷന്റേയും ദേശീയ വിജ്ഞാന കമ്മീഷന്റേയും ശുപാർശകളുടെ അടിസ്ഥാനത്തിൽ സമീപസ്ഥ കോളേജുകൾ തമ്മിൽ പരസ്പര സഹകരണം വർദ്ധിപ്പിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹ്യ നീതിയും വർദ്ധിപ്പിക്കുന്ന തരത്തിൽ ക്ലസ്റ്റർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഡോ. ബാബു ജോസഫ് അദ്ധ്യക്ഷനായുള്ള കമ്മിറ്റി 2008 ജനുവരിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഡിഗ്രിതല പുന:സംഘാടനത്തിന്റെ തുടർച്ചയായി പി.ജി. തലത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുന്നതിന് നിയോഗിച്ച പ്രൊഫ. താണു പത്മനാഭൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി 2010 ഡിസംബർ മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഡോ. എം. അനന്തകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സർവ്വകലാശാല നിയമപരിഷ്ക്കരണത്തിനുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് 2010 ജൂലൈ മാസത്തിനകം സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രൊഫ. എം.എസ്. യാദവ് അദ്ധ്യക്ഷനായുള്ള ബി.എഡ്. പുന:സംഘാടനത്തിനുള്ള കമ്മിറ്റിക്കും പ്രൊഫ. ജേക്കബ് താരു അദ്ധ്യക്ഷനായുള്ള പരീക്ഷാ പരിഷ്ക്കരണത്തിനുള്ള കമ്മിറ്റിക്കും റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല. വിവിധ സർവ്വകലാശാലകൾ നടപ്പാക്കിയ ഡിഗ്രിതല പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ച് പഠിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും രണ്ടാം സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായും കാര്യക്ഷമമായും നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന്

നിയോഗിച്ച ഡോ. കെ.എൻ. പണിക്കർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ കാലാവധി ആറ് മാസമാണ്. ഡോ. എം.എസ്. ആനന്ദ് അദ്ധ്യക്ഷനായുള്ള എഞ്ചിനീയറിംഗ് അക്കാദമിക് കമ്മിറ്റി അതത് കാലത്തെ തീരുമാനങ്ങൾ ഈ മേഖലയിൽ നടപ്പാക്കിവരികയാണ്. നിലവിലുള്ള നിയമ വിദ്യാഭ്യാസ രംഗം പരിശോധിച്ച് ശക്തി ദൗർബല്യങ്ങൾ കണ്ടെത്തുക, നിയമ വിദ്യാഭ്യാസം നേടിയവരുടെ ഭാവി ആവശ്യങ്ങൾ അവലോകനം ചെയ്യുക, സംസ്ഥാനത്തെ നിയമ വിദ്യാഭ്യാസ രംഗത്തെ രാജ്യത്തെ മികച്ച സംവിധാനമാക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുക എന്നിവയ്ക്കായി നിയോഗിച്ച ഡോ. എൻ.ആർ. മാധവമേനോൻ അദ്ധ്യക്ഷനായുള്ള നിയമ വിദ്യാഭ്യാസ പരിഷ്ക്കരണ സമിതി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. പ്രൊഫ. ടി.എൻ. കൃഷ്ണൻ അദ്ധ്യക്ഷനായുള്ള സംഗീത കോളേജുകളുടെ സമഗ്ര വികസനത്തിനുള്ള നിർദ്ദേശക സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചിട്ടില്ല. ഡോ. പി. ബലറാം അദ്ധ്യക്ഷനായുള്ള ശാസ്ത്ര ഗവേഷണരംഗം പുന:സംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി സമർപ്പിച്ച ഇടക്കാല ശുപാർശകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രൊഫ. റോമില ഥാപ്പർ അദ്ധ്യക്ഷയായുള്ള സാമൂഹ്യ ശാസ്ത്ര ഗവേഷണ രംഗം പുന:സംഘടിപ്പിക്കുന്നതിനുള്ള കമ്മിറ്റി ഇടക്കാല റിപ്പോർട്ട് ഉടനെ സമർപ്പിക്കുന്നതാണ്. പരീക്ഷാ നടത്തിപ്പിന് പൊതു സോഫ്ട്വെയർ നടപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക, കോളേജുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ നിരീക്ഷിക്കുക എന്നിവയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ ചുമതലകൾ. പോളിടെക്നിക് പാഠ്യപദ്ധതി പരിഷ്ക്കരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക, പോളിടെക്നിക് പാഠ്യപദ്ധതി പരിഷ്ക്കരണത്തിന് മേൽനോട്ടം വഹിക്കുക എന്നിവയാണ് ഡോ. എസ്. ചന്ദർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ ചുമതലകൾ. സംസ്ഥാനത്തെ കലാ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി രൂപീകരിച്ച പ്രൊഫ. എ. രാമചന്ദ്രൻ അദ്ധ്യക്ഷനായുള്ള സമിതി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഫൈൻ ആർട്സ് കോളേജുകളിൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണെന്നും മന്ത്രി അറിയിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശന പരീക്ഷാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിപ്പോർട്ട് വിദഗ്ദ്ധരുടേയും അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും നിർദ്ദേശങ്ങൾകൂടി സ്വീകരിച്ചുകൊണ്ട് നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. സർവ്വകലാശാലകളുടെ ആട്ടോണമി പൂർണ്ണമായും സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയ കണ്ണൂർ, കോഴിക്കോട് എം.ജി. സർവ്വകലാശാലകൾ റെക്കോർഡ് സമയത്തിൽ പരീക്ഷ നടത്തുകയും ഫലം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലകളിലെ പരീക്ഷാ നടത്തിപ്പിലുള്ള അപാകത കൾ പരിഹരിക്കാനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അഖിലേന്ത്യാതലത്തിൽ എല്ലാ സർവ്വകലാശാലകളിലും സമയബന്ധിതമായി പരീക്ഷ നടത്തണമെന്നും അതിന് ഒരു കലണ്ടർ ഉണ്ടാക്കണമെന്നുമുള്ള യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ നിർദ്ദേശം നടപ്പിലാക്കുന്നതിന് ശ്രമിക്കുകയാണ്. കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായം സംബന്ധിച്ച

കാര്യം ഒഴികെ ബാക്കിയെല്ലാം യു.ജി.സി. നിർദ്ദേശിച്ച പ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സർക്കുലേറ്റ് ചെയ്തിട്ടുള്ള നാഷണൽ കൗൺസിൽ ഫോർ ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ബില്ലിനോടുള്ള ശക്തമായ വിയോജിപ്പ് സംസ്ഥാന സർക്കാർ പ്രകടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഐ.എച്ച്.ആർ.ഡി.യെ യൂണിവേഴ്സിറ്റിയായി അംഗീകരിക്കണമെന്ന ആവശ്യം പരിശോധിക്കാവുന്നതാണെന്നും ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*93) <u>മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾ</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എൻട്രൻസ് പരീക്ഷാ മാർക്കിനൊപ്പം +2 അഥവാ തത്തുല്യമായ പരീക്ഷയുടെ മാർക്കും കൂടി കണക്കിലെടുത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുക, ഹയർസെക്കന്ററി പരീക്ഷാ രീതി പരിഷ്ക്കരിക്കുക, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ തുടങ്ങിയ ഹയർ സെക്കന്ററി പരീക്ഷകളുടെ മാർക്ക് റാങ്കിങ്ങിനുവേണ്ടി ഏകീകരിക്കുക, പ്രവേശന പരീക്ഷയ്ക്ക് ഇപ്പോൾ നിലവിലുള്ള ഓരോ ചോദ്യങ്ങൾക്കു നൽകുന്ന 5 ചോയിസുകൾ 4 ആയി ചുരുക്കുക,. എഞ്ചിനീയറിംഗ് പ്രവേശനത്തിന് മാത്ത്സ് ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് 5:3:2 എന്ന അനുപാതത്തിൽ വെയിറ്റേജ് തുടരുകയും മെഡിക്കൽ പ്രവേശനത്തിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് 1:1:1 എന്ന അനുപാതത്തിൽ വെയിറ്റേജ് നൽകുകയും പ്രവേശന

പരീക്ഷ എഴുതാനുള്ള ചാൻസുകളുടെ എണ്ണം ജനറൽ കാറ്റഗറിക്ക് രണ്ടായും എസ്.സി. വിദ്യാർത്ഥികൾക്ക് നാലായും എസ്.റ്റി. വിദ്യാർത്ഥികൾക്ക് പരിധിയില്ലാതെയും നിശ്ചയിക്കുക, വിപുലമായ ചോദ്യ ബാങ്ക് രൂപീകരിക്കുക, സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുക, ഇവയ്ക്കെല്ലാം ആവശ്യമായ നിയമനിർമ്മാണം നടത്തുക എന്നിവയാണ് മെഡിക്കൽ-എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളെന്ന് സഭയെ അറിയിച്ചു. ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള ഔദ്യോഗിക അറിയിപ്പ് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടില്ല. ഗ്രാമീണ മേഖലയിലെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് എൻട്രൻസ് പരീക്ഷയെഴുതുന്നതിന് സൗജന്യമായോ ഫീസിൽ ഇളവ് നൽകിയോ പരിശീലനം നൽകുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

13 (*94) <u>കേരള കർഷക കടാശ്വാസ കമ്മീഷൻ</u>

കൃഷി വകുപ്പുമന്ത്രി(ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, കേരള കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ച 31.05.2009 വരെ ലഭിച്ച തെന്നും അതുവരെ 410,549 അപേക്ഷകളിൽ 30-12-2009 വരെ 101,653 അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കമ്മീഷൻ ഓരോ ജില്ലയിലും സിറ്റിംഗ് നടത്തി കക്ഷികളിൽ നിന്ന് തെളിവെടുപ്പ് നടത്തിയാണ് അവാർഡുകൾ നൽകുന്നത്. കമ്മീഷൻ ശുപാർശ ചെയ്ത കടാശ്വാസം 39,64,47,526 രൂപയാണ്. അവാർഡ് നൽകിയ തുക കൃഷി വകുപ്പ്, സഹകരണ വകുപ്പ് രജിസ്ട്രാർക്ക് കൈമാറുന്നു. സാധാരണഗതിയിൽ ഇതിൽ കാലതാമസമുണ്ടാകാറില്ല. ഇതു

വരെ 31.9 കോടി രൂപ ഇങ്ങനെ മാറിനൽകിയിട്ടുണ്ട്. കമ്മീഷൻ പ്രഖ്യാപിക്കുന്ന അവാർഡ് തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കടാശ്വാസ നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന അന്തിമ ഉത്തരവുകളിന്മേൽ ഉള്ള അവാർഡ് തുക കാലതാമസംകൂടാതെ കൃഷി വകുപ്പിൽനിന്നും അനുവദിച്ചു വരുന്നുണ്ടെന്നും അപേക്ഷകൾ തരംതിരിക്കുന്നതിനും അവയിന്മേൽ തീർപ്പുകല്പിക്കുന്നതിനും കമ്പ്യൂട്ടർ സംവിധാനവും ആവശ്യമായ സ്റ്റാഫിന്റെ സേവനവും പ്രയോജനപ്പെടുത്തി എത്രയുംവേഗം തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 775 മുതൽ 1077 വരെയുള്ള ചോദ്യങ്ങളിൽ 70 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)